©
കേരള സർക്കാർ
Government of Kerala
2021

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2021-23

# കേരള ഗസററ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
**PUBLISHED BY AUTHORITY**

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2021 ഫെബ്രുവരി 23<br>23rd February 2021<br>1196 കുംഭം 11<br>11th Kumbham 1196<br>1942 ഫാൽഗുനം 4<br>4th Phalguna 1942 | നമ്പർ<br>No. | 8 |

## PART III

# Forest Department

### OFFICE OF THE CUSTODIAN (ECOLOGICALLY FRAGILE LANDS) AND ADDITIONAL PRINCIPAL CHIEF CONSERVATOR OF FORESTS (SOCIAL FORESTRY) THIRUVANANTHAPURAM

ERRATUM NOTIFICATION

No. EFL3-9/2011. *4th January 2021.*

In view of the powers confirmed by section 3 (1) of Kerala Forest (Vesting and Management of Ecologically Fragile Land) Act 2003 it is hereby notified for the information of the public that the following amendments are made in the details of Sl. No. 100 under Column 6,8,9,10,11 and 12 of the notification published in Reference No. C6-21437/2000 dated 21-4-2001 in the Kerala Gazette No. 20 dated 15-5-2001 as shown in the scheduled property.

Gaz. No. 8/2021/DTP (Forest).

SCHEDULE

| *Sl. No.* | *District* | *Taluk* | *Forest Division* | *Range* | *Locality* | *Village* | *Survey No. with Sub-division* | *Extent in Hectares (Approx)* | *Boundaries* | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | *North* | *East* | *South* | *West* |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) |
| 100 | Wayanad | Mananthavady | Wayanad North | Peria | Feriland | Peria | 64/2pt. | 8.5390 | Vested Forest and EFL | Occupied land and vested forest | Vested Forest | Vested Forest |

(Sd.)

*Custodian (Ecologically Fragile Lands) &*
*Additional Principal Chief Conservator of Forests*
*(Social Forestry).*

Thiruvananthapuram.

**Explanatory Note**

This does not form part of the Notification but is intended to indicate the general purpose.

The land as per Sl. No. 1 in the attached schedule was originally notified under section 3(1)/3(2) of Kerala Forest (Vesting and Management of Ecologically Fragile Land) Act, 2003 as per Notification No. C6-21437/2000 dated 21-4-2001 and published in the Kerala Gazette No. 20 dated 15-5-2001 as Serial No. 100. Later on verification it is found that some errors have crept in the inscription of locality, Sy. No. extend and Northern, Eastern and Southern boundaries in the referred original notification, whereas correct the name of locality, Sy. No., Extent and boundaries are shown in the revised schedule attached. The erratum notification is intended to achieve the above purpose.

---

## മലയാറ്റൂർ ഡിവിഷൻ

ഇ-ലേല പരസ്യം

നമ്പർ ആർ-4312/2020. 2021 ജനുവരി 15.

മലയാറ്റൂർ ഡിവിഷനിലെ കാലടി റെയിഞ്ചിലെ കണ്ണിമംഗലം ഫോറസ്റ്റ് സ്റ്റേഷനിലെ KL-17C-1575 നമ്പർ മഹീന്ദ്ര 2005 മോഡൽ ഡീസൽ ജീപ്പും മലയാറ്റൂർ ഡിവിഷനിലെ KL-01 AH-1346 നമ്പർ മഹീന്ദ്ര 2005 മോഡൽ ടാറ്റാ ഇൻഡിഗോ കാറും വകുപ്പുതലവാഹനം പുറപ്പെടുവിച്ചിട്ടുള്ള ലേല നിബന്ധനകൾക്കും സർക്കാർ ഉത്തരവുകൾക്കും വിധേയമായി ഇ-ലേലം വഴി വിൽപന നടത്തുന്നതാണ്. ഇ-ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വ്യക്തികൾ www.mstcecommerce.com എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. വകുപ്പുതല ഉത്തരവ് പ്രകാരം ലേലാനുമതി ലഭിച്ചിട്ടുള്ള മേൽ വാഹനത്തിന്റ ലേല തുകയും നികുതികളും വിജയിക്കുന്ന ഇ-ലേലക്കാരൻ നിയമപ്രകാരവും കാലാകാലങ്ങളിൽ നിലവിലുള്ളതുമായ ജിഎസ്ടി വരുമാന നികുതി, ഫോറസ്റ്റ് ഡവലപ്പ്മെന്റ് ടാക്സ്, മറ്റ് ബന്ധപ്പെട്ട നികുതികൾ എന്നിവ ലേല ദിവസം തന്നെ അടയ്ക്കേണ്ടതാണ്.

ഇ-ലേല പ്രമാണങ്ങളും ഇ-ലേല ഷെഡ്യൂളുകളും www.mstcecommerce.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഇ-ലേല പ്രമാണങ്ങൾ സമർപ്പിക്കുവാൻ www.mstcecommerce.com എന്ന വെബ്സൈറ്റ് ഉപയോഗിക്കേണ്ടതാകുന്നു.

എല്ലാ ഇ-ലേല പ്രമാണങ്ങളും www.mstcecommerce.com എന്ന വെബ്സൈറ്റിൽ കാണിച്ചിരിക്കുന്ന ഓൺലൈൻ കവറുകളിൽ ഓൺലൈനായി മാത്രം സമർപ്പിക്കേണ്ടതാണ്. ഇ-ലേലപ്രമാണങ്ങൾ www.mstcecommerce.com എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി മാത്രമേ സ്വീകരിക്കുകയുള്ളൂ. നേരിട്ടോ തപാൽ മാർഗ്ഗമോ ലഭിക്കുന്ന ഇ-ലേല പ്രമാണങ്ങൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.

ഓൺലൈൻ ഇ-ലേല പ്രമാണത്തോടൊപ്പം സ്കാൻ ചെയ്ത ബന്ധപ്പെട്ട രേഖകൾ ഓൺലൈനായി സമർപ്പിക്കാത്തത് നിരസിക്കപ്പെടുന്നതുമാണ്. ഇ-ലേലവുമായി ബന്ധപ്പെട്ട മറ്റു വിവരങ്ങൾ www.mstcecommerce.com എന്ന വെബ്സൈറ്റിൽ പറഞ്ഞിരിക്കുന്ന ഹെൽപ്പ് ഡെസ്കിൽ നിന്നോ ഈ ഓഫീസിൽ നിന്നോ ഓഫീസ് സമയത്ത് അറിയാവുന്നതാണ്. ഇ-പേമെന്റിന് ആവശ്യമായ വിവരങ്ങൾ (ലേലക്കാരൻ ഇടപാട് നടത്തുന്ന കോർബാങ്കിംഗ് സൗകര്യമുള്ള ബാങ്ക് അക്കൗണ്ടിന്റെ വിശദ വിവരങ്ങളും ഇ-മെയിൽ അഡ്രസ്സും) ലേലത്തോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ വിവരങ്ങൾ ഉൾപ്പെടുത്താത്ത ഇ-ലേല പ്രമാണങ്ങൾ നിരസിക്കപ്പെടുന്നതാണ്. ടെക്നിക്കൽ ബിഡും ഫിനാൻഷ്യൽ ബിഡും അതിനായി പറഞ്ഞിരിക്കുന്ന അതാത് കവറുകളിൽ മാത്രം സമർപ്പിക്കേണ്ടതാണ്. ലേലക്കാർ വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിലും മറ്റും ഉണ്ടാകുന്ന അസൗകര്യങ്ങൾക്കും നഷ്ടത്തിനും വനം വകുപ്പ് ഉത്തരവാദിയായിരിക്കുന്നതല്ല.

ടി ഇ-ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലത്തിന് മുമ്പായി വാഹനങ്ങളുടെ ഗുണനിലവാരം നേരിട്ട് കണ്ട് ബോദ്ധ്യപ്പെട്ട് കൊള്ളേണ്ടതാണ്. ഇ-ലേലത്തിന് ശേഷമുള്ള പരാതികൾ പരിഗണിക്കുന്നതല്ല. ഇ-വിജ്ഞാപന തീയതിക്കുമുമ്പായി ദർഘാസ്/ലേലം സംബന്ധമായ സർക്കാർ ഉത്തരവുകൾ എന്തെങ്കിലും ഉണ്ടായാൽ ആയതും ടി ഇ-ലേലത്തിന് ബാധകമായിരിക്കും.

കൂടുതൽ വിവരങ്ങൾ ഈ ഓഫീസിൽ നിന്നോ കാലടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസിൽ നിന്നോ പ്രവൃത്തി ദിവസങ്ങളിൽ അറിയാവുന്നതാണ്.

| ക്രമ നമ്പർ | റെയിഞ്ച്/ ഡിവിഷൻ | വാഹനത്തിന്റെ വിവരങ്ങൾ | വാഹനം സൂക്ഷിച്ചിരിക്കുന്ന സ്ഥലം |
|---|---|---|---|
| 1 | കാലടി | 2005 മോഡൽ KL-17C-1575 നമ്പർ മഹീന്ദ്ര ഡീസൽ ജീപ്പ് | കാലടി റെയിഞ്ച് കണ്ണിമംഗലം ഫോറസ്റ്റ് സ്റ്റേഷൻ |
| 2 | മലയാറ്റൂർ | 2005 മോഡൽ KL-01-AH-1346 നമ്പർ ഡീസൽ ടാറ്റാ ഇൻഡിഗോ കാർ | മലയാറ്റൂർ ഡിവിഷൻ ഓഫീസ്, കോടനാട് |

ഇ-ലേല പ്രമാണങ്ങൾ വെബ്സൈറ്റിൽ ലഭ്യമാകുന്ന തീയതിയും സമയവും—16-2-2021, 10 മണി.

ഇ-ലേല തീയതി—24-2-2021.

ഏതെങ്കിലും കാരണവശാൽ മേൽ തീയതിയിൽ ലേലം നടക്കാതെ വന്നാൽ 5-3-2021, 15-3-2021 എന്നീ തീയതിയിൽ ഇ-ലേലം നടത്തുന്നതാണ്.

ഇ-ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ എം.എസ്.റ്റി.സി. ലിമിറ്റഡിന്റെ ഓൺലൈനിൽ രജിസ്റ്റർ ചെയ്തിരിക്കണം. ഇ-ലേല നിബന്ധനകൾ എ.എസ്.റ്റി.സി. ലിമിറ്റഡിന്റെ www.mstcecommerce.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

കൂടുതൽ വിവരങ്ങൾ മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയത്തിൽ നിന്നും (ഫോൺ-0484 2649052) കാലടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസിൽ നിന്നും (ഫോൺ-8547604225) പ്രവൃത്തി ദിവസങ്ങളിൽ പ്രവൃത്തി സമയത്ത് ലഭ്യമാണ്.

No. R-4312/2020. *15th January 2021.*

It is hereby notified that the Department Vehicle No. KL-17C-1575, Mahindra 2005 Model Diesel Jeep in Kalady Range and Vehicle No. KL 01-AH-1346, 2005 model Tata Indigo Diesel car of Malayattoor Division will be sold through e-auction shown in the schedule by the Divisional Forest Officer, Malayattoor or any other Officer authorised by him, subject to the conditions notified in the e-auction notification.

e-Auction documents and connected records are available in the website: www.mstcecommerce.com. for submission of tenders visit the website www.mstcecommerce.com.

All bids/e-auction documents are to be submitted online only and in the designated online cover (s)/envelope(s) on

the www.mstcecommerce.com website and e-auction documents submitted manually/through post will not be entertained. Late tenders will not be accepted.

Online e-auction/bids are to be accompanied with relevant documents e-auction or bids received online without the scanned copies of relevant documents, will not be considered and shall be summarily rejected. Any further clarification on this e-auction can be obtained from NIC or the e-auction Help desk number available in the www.mstcecommerce.com website and from the office of the Divisional Forest Officer, Malayattoor Division. Kodanad during the office hours. The details regarding e-payment (Bidder's Bank Account No. where he/she is having core banking facility and email ID) should be submitted along with the e-auction documents. e-Auction documents without these details will not be accepted. Technical bid and financial bid shall be submitted in their respective designed online covers.

The Forest Department will not be responsible for any inconvenience or loss to the Bidder while uploading/ downloading the bid.

Intending person may ensure the condition of vehicles put up for e-auction before the commencement of the same and no compliance will be entertained after the e-auction.

Any further notification to the sale condition that may be issued by Government after the issuance of this notification will also be applicable to this auction.

Further details and information can be had from this office or the concerned Range Forest Office, Kalady during the working hours.

Schedule

| *Sl. No.* | *Range/Division* | *Details of Vehicle* | *Place where vehicles kept* |
|---|---|---|---|
| 1 | Kalady | KL-17C-1575, Mahindra 2005 Model Diesel Jeep | Kannimangalam Forest Station of Kalady Range |
| 2 | Malayattoor Division | KL-01-AH 1346, Tata Indigo 2005 Model Diesel Car | Malayattoor Divisional Forest Office, Kodanad |

The e-auction will be knocked down in the name of the highest bidders.

Date and time from which e-auction notification and relevant documents will be available in the website—16-2-2021 at 10 a. m.

Date from which the bidders can be participated in the e-auction—24-2-2021.

If the auction can't be conducted on the above date the auction will be conducted on 5-3-2021 & 15-3-2021.

Those who are interested to participate in the e-auction should be registered online with MSTC Limited, Bangalore. Conditions for e-auction will be available at the website www.mstcecommerce.com. Telephone Number Divisional Forest Officer, Malayattoor Division, Kodanand, Phone: 0484 2649052, Range Forest Officer, Kalady, Phone Number 8547604225 during office hours.

P. R. Suresh IFS,
*Divisional Forest Officer*
(For an on behalf of the Governor of Kerala).

Divisional Forest Office,
Malayattoor.

## പാലക്കാട് ഡിവിഷൻ

ലേല പരസ്യം

നമ്പർ ഒ2-9089/2017. 2021 ഫെബ്രുവരി 2.

പാലക്കാട് ഡിവിഷനിൽപ്പെട്ട താഴെ പറയുന്ന റെയിഞ്ചുകളിലെ വിവിധ കേസുകളിൽപ്പെട്ട തൊണ്ടി വഹകൾ അതാത് റെയിഞ്ചാഫീസുകളിൽ വെച്ച് താഴെ കാണിച്ചിരിക്കുന്ന തീയതികളിൽ രാവിലെ 11 മണിക്ക് താഴെ പറയുന്ന ലേല വ്യവസ്ഥകൾ പ്രകാരം പാലക്കാട് ഡിവിഷണൽ ഫോറസ്റ്റാഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്. നിശ്ചിത ലേല ദിവസം ഏതെങ്കിലും കാരണവശാൽ പൊതു ഒഴിവായി വന്നാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്തും സ്ഥലത്തും വെച്ച് ലേലം നടത്തുന്നതായിരിക്കും.

പട്ടിക

**ലേല തീയതി**

| ഒലവക്കോട് | ഒറ്റപ്പാലം | വാളയാർ |
|---|---|---|
| 3-3-2021 | 16-3-2021 | 23-3-2021 |
| 6-4-2021 | 19-4-2021 | 26-4-2021 |
| 4-5-2021 | 18-5-2021 | 25-5-2021 |
| 8-6-2021 | 15-6-2021 | 22-6-2021 |
| 6-7-2021 | 13-7-2021 | 21-7-2021 |
| 4-8-2021 | 10-8-2021 | 24-8-2021 |
| 7-9-2021 | 14-9-2021 | 22-9-2021 |
| 5-10-2021 | 20-10-2021 | 26-10-2021 |
| 9-11-2021 | 16-11-2021 | 23-11-2021 |
| 7-12-2021 | 14-12-2021 | 21-12-2021 |

ലേല വ്യവസ്ഥകൾ

1. സർക്കാർ തടി ഡിപ്പോയിൽ അതാതു കാലങ്ങളിൽ നിലവിലുള്ളതും ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം) അവർകളുടെ Pro. 5-6835/2009 തീയതി 2-12-2009 പ്രകാരം 29-12-2009-ന് 50-ാം നമ്പർ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ നിബന്ധനകൾ ഈ ലേലത്തിനും ബാധകമായിരിക്കും.

2. ലേലത്തിൽ പങ്കുകൊള്ളാൻ ഉദ്ദേശിക്കുന്നവർ ലേലം തുടങ്ങുന്നതിനുമുമ്പ് ലേലത്തിനുവെച്ചിട്ടുള്ള സാധനങ്ങളുടെ ഗുണനിലവാരവും അളവുകളും വിശദ വിവരങ്ങളും കണ്ട് ബോധ്യപ്പെട്ടിരിക്കേണ്ടതും ലേലത്തിന് ശേഷം ഈ വക കാര്യങ്ങളെക്കുറിച്ചുള്ള യാതൊരു പരാതികളും പരിഗണിക്കുന്നതല്ലാത്തതുമാകുന്നു. ഓരോ ലേലത്തിനും വിൽക്കാൻ ഉദ്ദേശിക്കപ്പെട്ട തടികൾ, വനവിഭവങ്ങൾ മുതലായവയെപ്പറ്റിയുള്ള വിവരങ്ങൾ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ നിന്നോ റെയിഞ്ചാഫീസിൽ നിന്നോ ലേലത്തിന് മുമ്പ് അറിയാവുന്നതാണ്.

3. ലേലത്തിൽ പങ്കുകൊള്ളാൻ ഉദ്ദേശിക്കുന്നവർ ലേലം തുടങ്ങുന്നതിനുമുമ്പായി ഈട്ടി, തേക്ക് എന്നിവയുടെ ലേലത്തിനാണെങ്കിൽ ₹ 20,000 (ഇരുപതിനായിരം)-ം മറ്റ് തടികളുടെ ലേലത്തിനാണെങ്കിൽ ₹ 10,000 (പതിനായിരം)-ം വനവിഭവങ്ങളുടെ കാര്യത്തിൽ ₹ 2,000 (രണ്ടായിരം)-ം നിരതദ്രവ്യം പണമായി കെട്ടിവെയ്ക്കേണ്ടതും ലേല നിബന്ധനകൾ അനുസരിക്കുന്നതിന് വീഴ്ച വന്നാൽ തന്മൂലം വകുപ്പിന്/സർക്കാരിന് ഉണ്ടാകുന്ന കഷ്ട നഷ്ടങ്ങൾ തന്നിൽ നിന്നും ഈടാക്കാവുന്നതാണെന്നും സമ്മതിച്ചുകൊണ്ടുള്ള ഒരു ഉടമ്പടി ഒപ്പുവെയ്ക്കേണ്ടതുമാണ്.

4. ലേലത്തിൽ പങ്കുകൊള്ളാൻ ഉദ്ദേശിക്കുന്നവർ അവരുടെ സ്ഥിരമായ മേൽവിലാസവും കൈയൊപ്പും സാക്ഷ്യപ്പെടുത്തിയ ബന്ധപ്പെട്ട വില്ലേജ് ഓഫീസറിൽ നിന്നുമുള്ള ഒരു സർട്ടിഫിക്കറ്റോ അതല്ലെങ്കിൽ ഇലക്ഷൻ ഐഡന്റിറ്റി കാർഡ് ഇവയിൽ ഏതെങ്കിലും ഒന്നിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പോ നിരതദ്രവ്യംകെട്ടിവെയ്ക്കുന്നതിനുമുമ്പായി സമർപ്പിക്കേണ്ടതാണ്. പ്രോപ്പർട്ടി മാർക്ക് രജിസ്ട്രേഷനുള്ളവർ അവരുടെ സർട്ടിഫിക്കറ്റ് കാണിച്ച് ബന്ധപ്പെട്ട ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാരിൽ നിന്നും ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ് ഹാജരാക്കിയാൽ മതിയാവുന്നതാണ്. മേൽ വിവരിച്ച പ്രകാരം സർട്ടിഫിക്കറ്റോ ഏതെങ്കിലും തിരിച്ചറിയൽ രേഖയോ ഹാജരാക്കാത്തവരെ ലേലത്തിൽ പങ്കുകൊള്ളാൻ അനുവദിക്കുന്നതല്ല.

5. ലേലത്തിൽ വിളിച്ചെടുത്ത തൊണ്ടി സാധനങ്ങളുടെ വില ₹ 20,000-ൽ കുറവാണെങ്കിൽ മുഴുവൻ തുകയും ₹ 20,000-ൽ കൂടുതലാണെങ്കിൽ മൊത്തം ലേലത്തുകയുടെ മുപ്പത്തിയഞ്ച് ശതമാനം (35%) വില കുറഞ്ഞത് ₹ 20,000-ം കൂടിയത് ₹ 1,00,000-ം എന്ന കണക്കിൽ ലേല ദിവസം തന്നെ കെട്ടിവെയ്ക്കേണ്ടതാണ്. ഏതെങ്കിലും ദേശസാൽകൃത ബാങ്കിലെ നിഷ്കർഷിക്കപ്പെടുന്ന ശാഖയിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് ലേല ദിവസം തന്നെ ഒടുക്കേണ്ടതാണ്.

6. ലേലം സ്ഥിരപ്പെടുത്തിയതായുള്ള അറിയിപ്പും ബാക്കി തുക അടച്ചുതീർക്കുവാനുള്ള ചെലാൻ ഫോറവും അയച്ച തീയതി മുതൽ 40 ദിവസത്തിനകം ചെലാൻ ഫോറത്തിൽ കാണിച്ചിട്ടുള്ള സംഖ്യ സർക്കാരിന്റെ നിർദ്ദിഷ്ട ഖജനാവിൽ അടച്ച് ചെലാൻ രസീത് റെയിഞ്ച് ഓഫീസർക്ക് എത്തിച്ച് കൊടുക്കേണ്ടതാണ്. ബാക്കി സംഖ്യ ഖജനാവിൽ അടയ്ക്കേണ്ട അവസാന ദിവസം ഒരു പൊതു അവധി ദിവസമായി വരുകയാണെങ്കിൽ അതിനടുത്ത പ്രവൃത്തി ദിവസം പിഴ കൂടാതെ പണം അടയ്ക്കാവുന്നതാണ്. ബാക്കി വിലയും നികുതികളും ഓരോ ലോട്ടിന്റെയും തീർത്തടയ്ക്കുന്ന പക്ഷം അതാത് ലോട്ടുകൾ ലേല വ്യവസ്ഥകൾക്ക് വിധേയമായി നീക്കം ചെയ്യാൻ അനുവദിക്കുന്നതാണ്. എന്നാൽ ലേല ദിവസമോ അത് കഴിഞ്ഞുള്ള 7 ദിവസത്തിനകമോ അടച്ച സംഖ്യ ഏറ്റവും അവസാനം നീക്കം ചെയ്യുന്ന തടികളുടെ വിലയ്ക്ക് മാത്രമെ വകകൊള്ളിക്കുകയുള്ളൂ. ഇപ്രകാരം എല്ലാ ലോട്ടുകളും മുഴുവൻ സംഖ്യയും അടച്ച് തീർത്ത് ലേലം സ്ഥിരപ്പെടുത്തിയ വിവരം അറിയിക്കുന്ന ദിവസം മുതൽ 40 ദിവസത്തിനകം നീക്കം ചെയ്യേണ്ടതാണ്.

Gaz. No. 8/2021/DTP (Forest).

മേൽ വിവരിച്ച 40 ദിവസത്തിനകം പണം അടച്ച് മരങ്ങൾ നീക്കം ചെയ്യാത്തപക്ഷം 18% പലിശയോടുകൂടി ബാക്കി സംഖ്യ അടയ്ക്കുന്നതിന് ഒരു മാസം (30 ദിവസം) വരെയും 24% പലിശയും പിഴപലിശയിന്മേൽ 2½% (രണ്ടര ശതമാനം) സർചാർജ്ജും കൂടി വീണ്ടും ഒരു മാസം (30 ദിവസം) വരെയും മുപ്പത്തിയാറ് ശതമാനം പിഴ പലിശയും അഞ്ച് ശതമാനം പിഴപലിശയിന്മേൽ സർചാർജ്ജും ഈടാക്കിക്കൊണ്ട് വീണ്ടും ഒരുമാസം കൂടിയും (30 ദിവസം) ഇങ്ങനെ ആകെ മൂന്ന് മാസം വരെ (90 ദിവസം) റെയിഞ്ചാഫീസർക്ക് കാലാവധി ദീർഘിപ്പിച്ച് അനുവദിക്കാവുന്നതാണ്. വെള്ളമരങ്ങളുടെ കാര്യത്തിൽ സൗജന്യ കാലാവധി 15 ദിവസമായിരിക്കും. അതു കഴിഞ്ഞാൽ റെയിഞ്ചാഫീസർ 15 ദിവസം കൂടി 24% പലിശ, 2½% സർചാർജ്ജ് എന്നിവ ഈടാക്കി കാലാവധി ദീർഘിപ്പിക്കാവുന്നതാണ്. ഇങ്ങിനെ പലിശ കണക്കാക്കുമ്പോൾ ഒരു ദിവസമായാലും ഒരു മാസത്തെ പലിശ ഈടാക്കുന്നതായിരിക്കും. അതിനുശേഷം യാതൊരു കാരണവശാലും കാലാവധി നീട്ടി കൊടുക്കുന്നതല്ലാത്തതും ലേലക്കാരൻ അടച്ച തുക സർക്കാരിലേക്ക് മുതൽകൂട്ടിയതിനുശേഷം പ്രത്യേകം അറിയിപ്പില്ലാതെ ലേലം റദ്ദ് ചെയ്യുന്നതായി കണക്കാക്കി ടി വനവിഭവങ്ങൾ അടുത്ത ലേലദിവസം പുനർലേലം ചെയ്യുന്നതുമായിരിക്കും. പുനർലേലത്തിൽ സംഭവിക്കുന്ന എല്ലാ നഷ്ടങ്ങൾക്കും ആദ്യ ലേലക്കാരൻ ഉത്തരവാദിയായിരിക്കുന്നതാണ്. അവരിൽ നിന്ന് നിയമാനുസൃതമായി എല്ലാ നടപടികളും സ്വീകരിച്ച് നഷ്ടം ഈടാക്കുന്നതുമായിരിക്കും.

7. ലേല വ്യവസ്ഥകൾക്ക് എന്തെങ്കിലും മാറ്റങ്ങളോ കൂട്ടിചേർക്കലുകളോ ആവശ്യമായി വരുന്നപക്ഷം ആയത് ലേല സമയത്ത് വിശദീകരിക്കുന്നതായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് അതാത് റെയിഞ്ചാഫീസുകളിൽ അന്വേഷിക്കാവുന്നതാണ്.

8. കോടതിയുടെ അനുമതി വാങ്ങി ലേലം ചെയ്ത് വിൽക്കുന്ന സാധനങ്ങളുടെ മുഴുവൻ വിലയും മറ്റ് നികുതികളും ലേല ദിവസം തന്നെ അടയ്ക്കേണ്ടതാണ്. മറ്റുള്ളവരുടെ നികുതികൾ ലേലം സ്ഥിരപ്പെടുത്തി ഉത്തരവായിരിക്കുന്ന ദിവസം മുതൽ 40 ദിവസത്തിനകം അടയ്ക്കേണ്ടതാണ്.

(ഒപ്പ്)

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയം,
പാലക്കാട്.

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
(കേരള ഗവർണ്ണർക്കുവേണ്ടി).